ഡിസംബർ 19,2006

**ഭാതീയ റിസർവ് ബാങ്ക് പുതിയ ഫെറിറ്റിക്ക് സ്റ്റെയിൽലെസ് സ്റ്റീൽ 2 രൂപയുടെ നാണയങ്ങൾ പുറത്തിറക്കുന്നു.**

ഭാരതീയ റിസർവ് ബാങ്ക് നാനാത്വത്തിൽ ഏകത്വം എന്ന പ്രമേയവുമായി പുതിയ ഫെറിറ്റിക് സ്റ്റെയിൻലെസ് സ്റ്റീൽ 2 രൂപയുടെ നാണയങ്ങൾ ഉടനെ പ്രചാരത്തിൽ കൊണ്ടുവരും.ഈ നാണയങ്ങൾ 27 മി.മീ. വ്യാസമുള്ളതും, വൃത്താകൃതിയിൽ ഉള്ളവയും 17 % ക്രോമിയവും , 83 % ഇരുമ്പും  അടങ്ങിയ ധാതു സംയുക്തം കൊണ്ടുള്ളവയാണ്.നാണയത്തിന്റെ മുഖത്തിന് 3 ഭാഗങ്ങളുണ്ട് മദ്ധ്യഭാഗത്ത്  അശോകസ്തംഭത്തിൻമേലുള്ള സിംഹമുദ്രയും അതിന് താഴെ "സത്യമേവ ജയതേ" എന്ന്  എഴുതപ്പെട്ടിരിക്കുന്നതോടൊപ്പം  2 എന്ന അന്തർദേശീയ സംഖ്യ നാണയത്തിന്റെ മൂല്യവും കുറിക്കുന്നു . മുകൾഭാഗത്ത്  "ഭാരത്" എന്ന് ഹിന്ദിയിലും "ഇന്ത്യ" എന്ന്  ഇംഗ്ലീഷിലും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. താഴെ അന്തർദേശീയ അക്കത്തിൽ വർഷം രേഖപ്പെടുത്തിയിട്ടുണ്ട്. നാണയത്തിന്റെ  മറുഭാഗത്ത് നമ്മുടെ രാജ്യത്തെ നിർവചിക്കുന്ന സവിശേഷതയായ "നാനാത്വത്തിൽ ഏകത്വം" അലങ്കാര രൂപത്തിൽ നൽകിയിട്ടുണ്ട്. ഇത് ഒരേ ശരീരം പങ്കിടുന്ന നാല് തലകളുടെ രൂപത്തിലാണ്. ഇത് ദേശത്തിന്റെ നാലുഭാഗങ്ങളിൽ നിന്നും വരുന്ന ജനങ്ങൾ ഒരേ  കൊടിക്കീഴിൽ അണിനിരക്കുന്ന ഏകരാജ്യ ഭാവനയെ സൂചിപ്പിക്കുന്നു. ഈ ദൃശ്യസൂചകത്തിന്റെ സഹായത്തോടെ നാണയം ഉപയോഗിക്കുന്ന വ്യക്തിക്ക് പെട്ടെന്ന് നാണയത്തിന്റെ മൂല്യം തിരച്ചറിയാനാവും . ഇടത് വശത്ത് മുകളിൽ ദോ രുപയ എന്ന് ഹിന്ദിയിലും ടു റുപ്പീസ്  എന്ന്  ഇംഗ്ലീഷിലും എഴുതിയിട്ടുണ്ട്. ഈ നാണയം 1906 ലെ കോയിനേജ് ആക്ട് പ്രകാരം നിയമസാധുതയുള്ളവയാണ്. ഇപ്പോൾ നിലവിലുള്ള 2 രൂപ നാണയങ്ങളും നിയമസാധുതയുള്ളവയായി  തുടരും.

പി.വി.സദാന്ദൻ

മാനേജർ

പത്രപ്രസ്താവന : 2006 / 2007 / 835